# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 472
## 29.01.2019 - ലെ മറുപടിയ്ക്ക്

## ട്രഷറികളുടെ ആധുനികവത്കരണം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. പുരുഷൻ കടലുണ്ടി,<br>ശ്രീ. എസ്. ശർമ്മ,<br>ശ്രീ. എ.എൻ. ഷംസീർ,<br>ശ്രീ. ഐ.ബി. സതീഷ്** | **ഡോ. റ്റി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| (എ) | ധനകാര്യ ഇടപാടുകളുടെ ആധുനികവത്കരണം ലക്ഷ്യമാക്കി എന്തെല്ലാം നവീകരണ പദ്ധതികളാണ് ട്രഷറികളിൽ നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | ട്രഷറികൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.<br>1) ഐ.എഫ്.എം.എസ് (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)<br>ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണ് ഇത്. പരമാവധി ഡിജിറ്റൽ ഇടപാടുകളിലേക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയി തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെ തന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ സർക്കാർ ധനവിനിമയത്തിന്റെ കാര്യക്ഷമതയും സുതാര്യതയും ഗണ്യമായി ഉയർത്താൻ സാധിച്ചിട്ടുണ്ട്.<br><br>2) ടി.ഐ.ഡി.പി (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി)<br>ഇടപാടുകാർക്ക് കൂടുതൽ ഭൗതികസൗകര്യം ഏർപ്പെടുത്തുന്നതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ ട്രഷറി കെട്ടിടങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ നവീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടു കൂടി ആധുനിക ബാങ്കിങ് ഇടപാട് സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ മെച്ചപ്പെട്ട |

| | | |
|---|---|---|
| | | അടിസ്ഥാന സൗകര്യങ്ങൾ ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്. |
| (ബി) | ട്രഷറികളിലെ സേവനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം(IFMS) ഏർപ്പെടുത്തിയിട്ടുണ്ടോ; | ഉണ്ട് |
| (സി) | വിവരസാങ്കേതിക വിദ്യയുടെ എന്തെല്ലാം സാധ്യതകളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | വിവരസാങ്കേതികവിദ്യയുടെ നൂതന സംവിധാനങ്ങളെല്ലാം തന്നെ ഉൾപ്പെടുത്തിയാണ് ട്രഷറികളിൽ ഐ.എഫ്.എം.എസ് നടപ്പിലാക്കിയിട്ടുള്ളത്. വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതു മൂലം ഇടപാടുകാർക്ക് എവിടെ നിന്നും ആക്സസ് ചെയ്യുന്നതിന് സാധിക്കും. ട്രഷറികളിലേയ്ക്ക് ഓൺലൈൻ രീതിയിൽ എല്ലാതരം ബില്ലുകളും സമർപ്പിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ നിലവിലുണ്ട്. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുടമകൾക്ക് ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഇപ്പോൾ ലഭ്യമാണ്. പെൻഷൻകാർക്ക് ഒരു പുതിയ പോർട്ടൽ ഏർപ്പെടുത്തി, പെൻഷൻ സംബന്ധമായ എല്ലാ വിവരങ്ങളും ട്രഷറിയിൽ വരാതെ തന്നെ പെൻഷൻകാർക്ക് ഇപ്പോൾ അറിയാൻ കഴിയും. കൂടാതെ ഓൺലൈൻ മസ്റ്ററിംഗിനുള്ള സൗകര്യവും. ട്രഷറി ഇടപാടുകാർക്ക് മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ട്രഷറികളിൽ നിന്ന് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുവാൻ സാധിക്കുന്ന തരത്തിൽ ജീവനക്കാർക്കായി പരിശീലന പരിപാടികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | ട്രഷറി പ്രവർത്തനങ്ങളിൽ പ്രൊഫഷനലിസം കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ട്രെയിനിംഗ് ലഭിക്കുന്ന തരത്തിൽ കൂടുതൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**